**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഡ്രെയിനേജ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ കവടിയാർ സെക്ഷൻ ഡ്രെയിനേജ് കണക്ഷൻ എടുക്കാത്ത ഉപഭോക്താക്കളിൽ നിന്നും ദീർഘകാലമായി ഡ്രെയിനേജ് ഫീസ് ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വാട്ടർ അതോറിറ്റിയുടെ കവടിയാർ സെക്ഷനിൽ ഡ്രെയിനേജ് കണക്ഷൻ എടുക്കാത്ത ചില ഉപഭോക്താക്കളിൽ നിന്നും ഡ്രെയിനേജ് ഫീസ് ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതി ലഭിച്ചപ്പോൾ തന്നെ അത് പരിഹരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഡ്രെയിനേജ് കണക്ഷന് അപേക്ഷ സമർപ്പിക്കുകയോ കണക്ഷൻ എടുക്കുകയോ ചെയ്തിട്ടില്ലാത്ത ഉപഭോക്താക്കളിൽ നിന്നും ഡ്രെയിനേജ് ഫീസീടാക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കവടിയാർ സെക്ഷനിൽ ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ് ബിൽ, ഇ-അബാക്കസ് എന്ന സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്യുന്നതിനാൽ ഡ്രൈനേജ് ചാർജും വാട്ടർ ചാർജിന്റെ കൂടെ ഉപഭോക്താവിന് ലഭിക്കുന്നു. ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ട്. ഡ്രൈനേജ് ചാർജ് എടുക്കേണ്ടതില്ലാത്ത കണക്ഷനുകളിൽ നിന്നും പ്രസ്തുത ചാർജ് ഒഴിവാക്കി നൽകിയിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റി ബില്ല് നൽകിയപ്പോൾ ഡ്രെയിനേജ് ഫീസ് എന്ന് പ്രത്യേകം രേഖപ്പെടുത്തി പ്രസ്തുത തുക ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | ഇ-അബാക്കസ് എന്ന സോഫ്റ്റ് വെയർ മുഖേനയാണ് ജല അതോറിറ്റിയിൽ ഉപഭോക്താക്കൾക്ക് വാട്ടർ ബിൽ നൽകി വരുന്നത്. നിലവിലെ സോഫ്റ്റ് വെയറിന്റെ പരിമിതിമൂലം ഇപ്പോൾ നൽകിവരുന്ന ബില്ലിൽ അദർ അഡ്ജസ്റ്റ്മെന്റ് എന്ന കോളത്തിലാണ് ഡ്രൈനേജ് ഫീസ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയ ഒരു ബില്ലിംഗ് സോഫ്റ്റ് വെയർ "K DISC" വഴി വികസിപ്പിച്ച് വരികയാണ്. നിലവിൽ ഇത് ടെസ്റ്റിംഗ് സ്റ്റേജിലാണ്. ടി സോഫ്റ്റ് വെയർ നടപ്പിലാക്കുമ്പോൾ വാട്ടർ ബില്ലിൽ ഡ്രൈനേജ് ചാർജ് പ്രത്യേകമായി ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | അപ്രകാരം ദീർഘകാലമായി തെറ്റായി ഈടാക്കിയ ഡ്രെയിനേജ് ഫീസ് തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | തെറ്റായി ഈടാക്കിയ ഡ്രൈനേജ് ഫീസ് സംബന്ധിച്ച പരാതികൾ ലഭിച്ചപ്പോൾ തന്നെ പരിഹരിച്ച് നൽകിയിട്ടുണ്ട്. ദീർഘകാലമായി പരിഹരിക്കപ്പെടാത്ത പരാതികൾ നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| | | | പരാതികൾ ലഭിക്കുന്ന മുറക്ക് അത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ